LIBRARY ARCHIVES Kerala Legislative Assembly.

വിജ്ഞാന മുദ്രണം പ്രസ്സിലെ ഡി.റ്റി.പി. ഓപ്പറേറ്റർ നിയമനം

49 [3337] ശ്രീ. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലാണോ വിജ്ഞാന മുദ്രണം പ്രസ്സ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രസ്സിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക നിലവിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിലെ നിയമനം സ്ഥിരമാണോ;

(ഇ) ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത, ശമ്പള സ്കെയിൽ എന്നിവ വ്യക്തമാക്കുമോ;

(എഫ്) നിയമനം താൽക്കാലികമാണെങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതേ.

(ബി, സി) രണ്ട് തസ്തികകൾ ഉണ്ട്. ഭരണ സൗകര്യത്തിനായി ടി തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ 26-3-2002-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനപ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

(ഡി) വിജ്ഞാന മുദ്രണം പ്രസ്സിൽ നിന്നും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റി നിയമിച്ച രണ്ടു ഡി.റ്റി.പി. ഓപ്പറേറ്റർമാരെ സ്ഥിരമാക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ഇ) യോഗ്യത നിശ്ചയിച്ചിട്ടില്ല. ശമ്പള സ്കെയിൽ 3050-5230 ആണ്.

(എഫ്) ഉദിക്കുന്നില്ല.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ താൽക്കാലിക നിയമനങ്ങൾ

50 [3338] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉണ്ട്;

(സി) സ്ഥാപനത്തിൽ ജീവനക്കാരുടെ അത്യാവശ്യമുണ്ടായിരുന്ന സാഹചര്യത്തിലാണോ മുൻകാലങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നിരുന്നത്;

(ഡി) ആ സാഹചര്യത്തിൽ ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോ;

(ഇ) നിലവിലുള്ള ഡയറക്ടർക്ക് മുൻകാലത്തേക്കാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(എഫ്) ഇൻസ്റ്റിറ്റ്യൂട്ടിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജി) ഇവിടെ എപ്പോഴെങ്കിലും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുപോലും കഴിയാത്ത സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ;

(എച്ച്) മുൻ ഭരണസമിതിയുടെ കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ടോ;

(ഐ) അവരെ പിരിച്ചു വിടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ പ്രസ്തുത തീരുമാനം എടുത്ത ഭരണസമിതി യോഗത്തിന്റെ തീയതി വ്യക്തമാക്കുമോ;

(കെ) ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ താൽക്കാലിക ജീവനക്കാരെ പിരിച്ചു വിടാനുള്ള തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പെഷ്യൽ റൂൾസ് അനുസരിച്ച് നിലവിലുള്ള തസ്തികകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 29 സ്ഥിരം ജീവനക്കാരും 11 താൽക്കാലിക ജീവനക്കാരും ഉണ്ട്.

(സി) അതെ.

(ഡി) ഇല്ല.

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക സ്ഥിതി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്-ഇൻ-എയിഡിനെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്.

(എഫ്) ഇല്ല.

(ജി) ഇല്ല.

(എച്ച്—കെ) ഉണ്ട്. ഇവരെ പിരിച്ചുവിടാൻ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി തീരുമാനിച്ചിട്ടില്ല. എന്നാൽ ദിവസ വേതനം, ഡെപ്യൂട്ടേഷൻ, റിട്ടയർ ചെയ്തവരുടെ പുനർനിയമനം എന്നീ രീതികളിൽ നിയമിച്ചിരുന്നവരെ പിരിച്ചുവിടാൻ നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ഇൻസ്റ്റിറ്റ്യൂട്ടിലെ ചില ദിവസ വേതനക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ഇതിന്മേൽ ബഹു. സുപ്രീം കോടതി 4-2-2002-ൽ സ്റ്റാറ്റസ്കോ നിലനിർത്താൻ ഉത്തരവായിട്ടുണ്ട്.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 43 (3331) കാണുക.]

പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച പഞ്ചസാരയുടെ അളവ് (ടൺ)

	2001	2002	2003
ജനുവരി	..	3831	3860
ഫെബ്രുവരി	..	3831	3860
മാർച്ച്	..	3831	2100
ഏപ്രിൽ	..	3476	2100
മേയ്	3915	3476	..
ജൂൺ	3810	3860	..
ജൂലൈ	3828	3860	..
ആഗസ്റ്റ്	3828	3860	..
സെപ്തംബർ	3828	3860	..
ഒക്ടോബർ	3828	3860	..
നവംബർ	3783	3860	..
ഡിസംബർ	12770	3860	..

അനുബന്ധം V

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 50 (3338) കാണുക.]

Sl. No.	Name of Post
(1)	(2)
1.	Director
2.	Administrative Officer
3.	Finance Officer
4.	Assistant Editor
5.	Sub Editor Grade I
6.	Sub Editor Grade II
7.	Editorial Assistant
8.	Production Officer
9.	Artist
10.	Art Assistant Grade I

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
11.	Art Assistant Grade II
12.	Photographer Grade I
13.	Photographer Grade II
14.	Laboratory Assistant
15.	Librarian-cum-Documentarian Officer
16.	Library Assistant
17.	Planning Officer
18.	Sales Organiser
19.	Seminar Organiser-cum-Public Relations Officer
20.	Copyist
21.	Office Manager
22.	Cashier
23.	Senior Grade Assistant
24.	Assistant Grade I
25.	Assistant Grade II
26.	Accountant
27.	Confidential Assistant
28.	Typist Grade II (English)
29.	Typist Grade II (Malayalam)
30.	Record Keeper-cum-Despatch Clerk
31.	Proof Reader
32.	Clerical Attender
33.	Peon
34.	Storekeeper
35.	Sweeper
36.	Watcher
37.	Driver
38.	Duplicator Operator

LIBRARY ARCHIVES Kerala Legislative Assembly